# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.973 — 03/12/2014 - ൽ മറുപടിക്ക്

### ഇ.എസ് .ഐ മെഡിക്കൽ കോളേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഇ.എസ് .ഐ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | എ) പാരിപ്പള്ളിയിൽ ഇ.എസ്.ഐ കോർപ്പറേഷന്റെ കീഴിൽ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. 2014-2015 ൽ ക്ലാസ് തുടങ്ങുന്നതിന് അനുമതിയ്ക്കായി മെഡിക്കൽ കൗൺസിലിന് അപേക്ഷ നൽകിയിരുന്നെങ്കിലും അനുമതി ലഭിച്ചില്ല.<br>മാവേലിക്കരയിൽ ഇ.എസ്.ഐ കോർപ്പറേഷന്റെ കീഴിൽ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് 2013 സെപ്റ്റംബർ 19 നുചേർന്ന ഇ.എസ്.ഐ കോർപ്പറേഷന്റെ 160-ാംമത് യോഗം അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇതിനായി ഫണ്ടുകൾ ഒന്നും വകയിരുത്തിയിട്ടില്ല. |
| ബി) പ്രസ്തുത മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | ബി) പ്രസ്തുത മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള അനുമതി നല്കുന്നതിനുള്ള അധികാരം ഇ.എസ്.ഐ കോർപ്പറേഷനാണുള്ളത്. |
| സി) കോളേജ് തുടങ്ങുന്നതിന് ആവശ്യമായ സ്ഥലവും മൂലധനവും എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | സി) & ഡി) പാരിപ്പള്ളി മെഡിക്കൽ കോളേജ് തുടങ്ങുന്നതിനുള്ള സ്ഥലവും മൂലധനവും നിലവിൽ ലഭ്യമാണ്. മാവേലിക്കര മെഡിക്കൽ കോളേജിനായി ഫണ്ടൊന്നും ഇതുവരെ വകയിരുത്തിയിട്ടില്ല. |
| ഡി) പ്രസ്തുത കോളേജുകൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?. | |

സെക്ഷൻ ഓഫീസർ